## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 26.03.2018-ൽ |
| ചോദ്യം നമ്പർ - 5183 | മറുപടിയ്ക്ക് |

## ചാവക്കാട്-കാഞ്ഞാണി റോഡ് വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിൽ ചാവക്കാട് കാഞ്ഞാണി റോഡിൽ പൂവത്തൂർ മുതൽ കാഞ്ഞാണി വരെയുള്ള റോഡു വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) "തൃപ്രയാർ - കാഞ്ഞാണി - ചാവക്കാട് റോഡ് കി.മീ. 7/000 മുതൽ 14/600 വരെയുള്ള റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തൽ (ബഡ്ജറ്റ് വർക്ക് 2016-17)" എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി ചാവക്കാട് - കാഞ്ഞാണി റോഡിൽ മുല്ലശ്ശേരി മുതൽ കാഞ്ഞാണി വരെയുള്ള റോഡിന്റെ ഉപരിതലം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിക്ക് അംഗീകാരം നൽകുകയും, പ്രസ്തുത പ്രവൃത്തി കരാർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ; ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എസ്റ്റിമേറ്റ് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 380 ലക്ഷമാണ്. ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ ഉപരിതലം 7600 മീറ്റർ നീളത്തിൽ ബി.എം. & ബി.സി. നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തൽ, 1120 മീറ്റർ കോൺക്രീറ്റ് കാനയുടെയും, 3 കലുങ്കിന്റെയും നിർമ്മാണം, റോഡ് സുരക്ഷാ ക്രമീകരണ പ്രവൃത്തികൾ എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | |
|---|---|
| (സി) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ? | (സി) ഈ പ്രവൃത്തി 2018 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗുരുവായൂർ അമൃത് പദ്ധതിയുടെയും, പാവറട്ടി ശുദ്ധജല വിതരണ പദ്ധതിയുടെയും ഭാഗമായി പ്രസ്തുത റോഡിന്റെ ഭാഗങ്ങൾ പൊളിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടിട്ടുള്ളതിനാൽ ടി പ്രവൃത്തികൾക്ക് ശേഷം മാത്രമേ നിർദ്ദിഷ്ട പണി പൂർത്തീകരിക്കാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ